# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.278     21.08.2017 ൽ മറുപടിയ്ക്ക്

**ഓപ്പറേഷൻ സുരക്ഷ പദ്ധതി**

| ചോദ്യം<br><br>ശ്രീ.സി.കെ.നാണു<br>ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ.എ. കെ. ശശീന്ദ്രൻ | | മറുപടി<br><br>ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പ് തുടക്കമിട്ടിട്ടുള്ള 'ഓപ്പറേഷൻ സുരക്ഷ' പദ്ധതിയെപ്പറ്റി വിശദമാക്കുമോ; ഈ പദ്ധതിക്ക്, വാഹനം ഉപയോഗിക്കുന്നവരുടെയും പൊതുജനങ്ങളുടെയും ഇടയിൽ കൂടുതൽ പ്രചാരം നല്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | ബഹു: സുപ്രീം കോടതി നിയമിച്ചിട്ടുള്ള റോഡ് സുരക്ഷാ കമ്മറ്റി റെഡ് ലൈറ്റ് ലംഘനം, അമിത വേഗത, അമിത ഭാരവും ചരക്കു വാഹനങ്ങളിൽ യാത്രക്കാരെ കയറ്റൽ, മദ്യപിച്ച് വാഹനമോടിക്കൽ, വാഹനമോടിക്കുന്ന സമയത്ത് മൊബൈൽ ഫോൺ ഉപയോഗിക്കൽ മുതലായ ഗതാഗത ലംഘനങ്ങൾ നടത്തുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിയമ ലംഘനങ്ങൾ നടത്തുന്ന വാഹന ഡ്രൈവർമാർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി രൂപികരിച്ചിട്ടുള്ള പദ്ധതിയാണ് 'ഓപ്പറേഷൻ സുരക്ഷ' ഇതിനായി എല്ലാ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും വിവിധ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. വാഹന പരിശോധനാ സമയത്ത് ഉദ്യോഗസ്ഥർ കുറ്റം കണ്ടെത്തുമ്പോൾ തന്നെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച് നോട്ടീസ് കുറ്റാരോപിതന് നൽകി സമയബന്ധിതമായി ലൈസൻസ് സസ്പെന്റ് ചെയ്യുവാനുള്ള നടപടികൾ സ്വികരിക്കുന്നു. നിരീക്ഷണ ക്യാമറകൾ വഴി ലഭ്യമാകുന്ന നിയമ ലംഘനങ്ങളിൽ അഞ്ചോ അതിൽ കൂടുതലോ തവണ നിയമ ലംഘനങ്ങൾ വരുത്തുന്ന ഡ്രൈവർമാരുടെ ലൈസൻസും സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ മേൽപറഞ്ഞ സ്പെഷ്യൽ സെൽ വഴി നടപ്പിലാക്കുന്നതിനാണ് ഓപ്പറേഷൻ സുരക്ഷാ പദ്ധതി വിഭാവനം ചെയ്യുന്നത്. ക്യാമറ വഴി ലഭ്യമാകുന്ന ഓരോ നിയമ ലംഘനത്തിനും വകുപ്പ് നൽകുന്ന നോട്ടീസുകളിന്മേൽ പ്രതികരിക്കാത്ത വാഹന |

| | | | |
|---|---|---|---|
| | | | ഉടമ/ഡ്രൈവർമാർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഷനുമായി ബന്ധപ്പെട്ട ഹിയറിംഗ് നോട്ടീസ് അയച്ചിട്ടും ഹാജരാകാത്ത ഡ്രൈവർമാരുടെ ലൈസൻസ് 15 ദിവസം കഴിഞ്ഞാലുടൻ റദ്ദാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി ആരംഭിച്ച 2017 ജൂലൈ മാസത്തിൽ 1868 ലൈസൻസുകൾ സസ്പെൻഡ് ചെയ്തിട്ടുണ്ട് |
| (ബി) | കേന്ദ്ര സർക്കാർ കൊണ്ടുവരാൻ പോകുന്ന മോട്ടോർ വാഹന ബില്ലിൽ റോഡ് സുരക്ഷയ്ക്കായി എന്തൊക്കെ ചട്ടങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് അറിയുമോ; വിശദമാക്കുമോ? | (ബി) | പുതിയ ബില്ലിൽ അപകടം പറ്റിയതിനു ശേഷമുള്ള ഒരു മണിക്കൂറിനെ ഗോൾഡൻ അവർ എന്നാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. ഈ ഗോൾഡൻ അവർ സമയത്തുണ്ടാകുന്ന ചികിത്സാ ചെലവുകൾ ക്യാഷ്ലസ്സ് ട്രീറ്റ്മെന്റായി പരിഗണിക്കുന്നതിനായി ഒരു സ്കീം രൂപീകരിക്കുന്നതിന് പുതിയ ബിൽ ശുപാർശ ചെയ്തിട്ടുണ്ട്.<br>കേന്ദ്ര സർക്കാർ ഒരു മോട്ടോർ വെഹിക്കിൾ ആക്സിഡന്റ് ഫണ്ട് രൂപീകരിക്കണമെന്ന് ബിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഗോൾഡൻ അവർ ട്രീറ്റ്മെന്റിനായും, സർക്കാർ സ്കീമുകൾക്ക് അനുസൃതമായി അപകടത്തിൽ മരിക്കുന്നവർക്കും, മാരകമായി പരുക്കേറ്റവർക്കും, സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വ്യക്തികൾക്കും നഷ്ടപരിഹാരം നൽകുന്നതിന് ഉപയോഗപ്പെടുത്തുന്നതായിരിക്കും.<br>മേല്പറഞ്ഞവ കൂടാതെ കേന്ദ്ര സർക്കാർ ഒരു നാഷണൽ റോഡ് സേഫ്റ്റി ബോർഡ് രൂപീകരിക്കണമെന്ന് ബിൽ നിഷ്കർഷിക്കുന്നു. ഒരു ചെയർമാനും, സംസ്ഥാന സർക്കാരിന്റെ ഒരു പ്രതിനിധിയും, കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന അംഗങ്ങളും അടങ്ങിയ ഈ ബോർഡ് കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും ഉപദേശം നൽകുന്നതായിരിക്കും. റോഡു നിയമങ്ങൾ അനുസരിക്കുന്നത് നിർബന്ധമാക്കുക എന്ന ഉദ്ദേശത്തോടെ, റോഡു നിയമലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിക്കുവാനും പുതിയ ബിൽ ശുപാർശ ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ